KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref: 12404/Bus 11-03-2022

**സർക്കുലർ നമ്പർ : 27/ 2022(BD)**

വിഷയം: അന്താരാഷ്ട്ര വനിതാ ദിനം പ്രമാണിച്ച് നടത്തുന്ന വനിതാ വാരാചരണത്തോടനുബന്ധിച്ചുള്ള സമ്മാന പദ്ധതി – കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : സർക്കുലർ നമ്പർ 26/2022 (BD) dated 07-03-2022

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം പ്രമാണിച്ച് ,വനിതകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് 2022 മാർച്ച് 8 മുതൽ 11 വരെ വനിതാ വാരമായി ആഘോഷിക്കുവാനും ഈ ദിവസങ്ങളിൽ ചിട്ടിയിൽ ചേരുന്ന 10 വനിതകൾക്കു നറുക്കെടുപ്പിലൂടെ ഒരു പവൻ സ്വർണ്ണനാണയം വീതം നൽകുവാനും സൂചന സർക്കുലർ മുഖേന അറിയിച്ചിരുന്നുവല്ലോ. പ്രസ്തുത പദ്ധതിക്ക് എല്ലാവിഭാഗം വനിതകളിൽ നിന്നും അത്ഭുതപൂർവമായ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ചില ശാഖകൾ വനിതകളെ മാത്രം ഉൾപ്പെടുത്തി ചിട്ടികൾ ആരംഭിച്ചതായി കാണുന്നുണ്ട്. മാത്രമല്ല കൂടുതൽ വനിതകൾ ചിട്ടിയിൽ ചേരുന്നതിനു താത്പര്യം പ്രകടിപ്പിക്കുന്നുമുണ്ട്. കുറഞ്ഞ കാലാവധിയായതിനാൽ പദ്ധതിയുടെ നേട്ടം പല ആളുകളും അറിയാൻ വൈകിയെന്നും കാലാവധി നീട്ടണമെന്നും ഇടപാടുകാരും, മേഖലാ തലവന്മാരും, ശാഖാ മേധാവികളും അഭ്യർത്ഥിക്കുന്നുമുണ്ട്.

ആയതിനാൽ ഇടപാടുകാരുടെയും ശാഖാ,മേഖലാ മേധാവികളുടെയും അഭ്യർത്ഥന മാനിച്ച് പ്രസ്തുത പദ്ധതിയുടെ കാലാവധി **19-03-2022** വരെ സൂചന സർക്കുലറിലെ നിബന്ധനകളോടെ ദീർഘിപ്പിച്ചിരിക്കുന്നു. പ്രസ്തുത കാലയളവിനുള്ളിൽ തന്നെ പരമാവധി ചിട്ടി ബിസിനസ് ചെയ്ത് വാർഷിക ലക്ഷ്യം കൈവരിക്കുന്നതിനും, കൂടുതൽ ചിട്ടി ബിസിനസ് ചെയ്യുന്നതിനും എല്ലാവരും ആത്മാർത്ഥമായി ശ്രമിക്കണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്.ഇ.യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി പി**
**മാനേജിങ്ങ് ഡയറക്ടർ**